പതിമൂന്നാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.93 — 04.12.2014 ൽ മറുപടിയ്ക്ക്

മാവേലി സ്റ്റോറുകളുടെ പ്രവർത്തനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീമതി. ഗീതാ ഗോപി<br>ശ്രീ. വി.എസ്. സുനിൽ കുമാർ<br>ശ്രീമതി. ഇ.എസ്. ബിജിമോൾ<br>ശ്രീ. ഇ.കെ. വിജയൻ | ശ്രീ. അനൂപ് ജേക്കബ്<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| (എ) മാവേലി സ്റ്റോറുകൾ വഴി എത്രയിനം സാധനങ്ങൾ സബ്സിഡി നിരക്കിൽ വിതരണം ചെയ്തിരുന്നു; ഇപ്പോൾ എത്രയിനം സാധനങ്ങൾ സബ്സിഡി നിരക്കിൽ വിതരണം ചെയ്യുന്നുണ്ട്; അവ ഏതെല്ലാം ; | (എ) സപ്ലൈകോ വിൽപ്പനശാലകൾ വഴി 31.07.2012 വരെ ഉഴുന്ന്, വൻപയർ, തുവരപരിപ്പ്, മുളക്, മല്ലി, പഞ്ചസാര, പച്ചരി, മട്ട അരി, പീസ് പരിപ്പ്, ബോധന അരി, ഉലുവ, കടുക്, ജീരകം എന്നിവ സബ്സിഡി നിരക്കിൽ വിതരണം ചെയ്തിരുന്നു. 01.08.2012 മുതൽ ഉഴുന്ന്, വൻപയർ, തുവരപരിപ്പ്, മുളക്, മല്ലി, പഞ്ചസാര, പച്ചരി, മട്ട അരി, ജയ അരി, കുറുവ അരി, വൻകടല, ചെറുപയർ, വെളിച്ചെണ്ണ മുതലായവയാണ് സബ്സിഡി നിരക്കിൽ വിതരണം ചെയ്തു വരുന്നത്. |
| (ബി) ചില സാധനങ്ങൾ ഓപ്പൺ മാർക്കറ്റിലെ വിലയേക്കാൾ കൂടിയ വിലയ്ക്ക് മാവേലിസ്റ്റോറുകൾ വഴി വിതരണം ചെയ്യുന്നുണ്ടെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ അതെന്തുകൊണ്ടാണെന്ന് വെളിപ്പെടുത്തുമോ; | (ബി) ഇല്ല. സപ്ലൈകോ വിൽപ്പന ശാലകൾ വഴി വിതരണം ചെയ്യുന്ന 13 ഇനം സബ്സിഡി സാധനങ്ങൾക്ക് പൊതുവിപണി വിലയേക്കാൾ 20% മുതൽ 35% വരെ താഴ്ന്നിയാണ് വിൽപ്പന വില നിശ്ചയിച്ചിരിക്കുന്നത്. |
| (സി) ജനങ്ങൾക്കുപയോഗപ്രദമായ രീതിയിൽ മാവേലിസ്റ്റോറുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്ന എന്തെങ്കിലും പദ്ധതിയുണ്ടോ ; ഉണ്ടെങ്കിൽ വിശദമാക്കുമോ ? | (സി) ജനങ്ങൾക്കുപയോഗപ്രദമായ രീതിയിൽ മാവേലിസ്റ്റോറുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുവാൻ താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചു വരുന്നു.<br>(1). ഡിപ്പോ തലത്തിൽ ജൂനിയർ മാനേജർ (മാർക്കറ്റിംഗ് & ഇൻസ്പെക്ഷൻ) മുഖേന നടത്തുന്ന നിരീക്ഷണ സംവിധാനവും, എല്ലാ മാസവും ഡിപ്പോ തലത്തിൽ നടത്തുന്ന അവലോകന മീറ്റിംഗുകളും വഴി മാവേലിസ്റ്റോറുകളുടെ പ്രവർത്തനക്ഷമത ഉയർത്തുന്നതിനും |

അവശ്യ സാധനങ്ങളുടെ ലഭ്യത ഉറപ്പു വരുത്തുന്നതിനും സഹായകമാകുന്നുണ്ട്.

(2) ഡിപ്പോ തലത്തിൽ ജൂനിയർ മാനേജർ (മാർക്കറ്റിംഗ് & ഇൻസ്പെക്ഷൻ) നടത്തുന്ന ഇൻസ്പെക്ഷൻ റിപ്പോർട്ട് റീജിയണൽ തലത്തിലും ഹെഡാഫീസ് തലത്തിലും അവലോകനം നടത്താറുണ്ട്.

(3). പൊതുജനങ്ങൾക്ക് സബ്സിഡി സാധനങ്ങൾ നിയമാനുസൃതമായ അളവിലും നിരക്കിലും ലഭ്യമാക്കുന്നു എന്ന് ഉറപ്പാക്കാൻ എല്ലാ മാവേലി സ്റ്റോർ/ സൂപ്പർ മാർക്കറ്റ് തലത്തിലും ഔട്ട് ലെറ്റ് ഉപദേശക സമിതി രൂപീകരിച്ചിട്ടുണ്ട്. ഈ കമ്മിറ്റികൾ മൂന്ന് മാസത്തിൽ ഒരിക്കൽ യോഗം ചേർന്ന് വിൽപ്പന ശാലകളുടെ പ്രവർത്തനം സംബന്ധിച്ച് അവലോകനം നടത്തും. പൊതുജനങ്ങൾക്ക് അവിടെ പരാതി അറിയിക്കാനും പരിഹരിക്കാനുമുള്ള സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്.

(4). മാവേലി സ്റ്റോർ/ സൂപ്പർ മാർക്കറ്റ് മാനേജർമാർക്ക് അവരുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിനായി പ്രത്യേക പരിശീലനം നൽകി വരുന്നു.

(5). സ്ഥല പരിമിതികൾ ഉള്ളതും ആവശ്യത്തിന് അവശ്യ വസ്തുക്കൾ സൂക്ഷിക്കാനുള്ള സൗകര്യമില്ലാത്തതുമായ മാവേലി സ്റ്റോറുകൾ സ്ഥല സൗകര്യമുള്ള കെട്ടിടങ്ങൾ കണ്ടുപിടിച്ച് കൂടുതൽ വിസ്തൃതിയുള്ള കെട്ടിടങ്ങളിലേയ്ക്ക് മാറ്റുവാനും നടപടികൾ എടുത്തു വരുന്നു.

(6). 10 ലക്ഷത്തിൽ കൂടുതൽ വിറ്റുവരവുള്ള മാവേലി സ്റ്റോറുകൾ ഉപഭോക്താക്കൾക്ക് കൂടുതൽ സൗകര്യപ്രദവും വിസ്തീർണ്ണവുമുള്ള സൂപ്പർ മാർക്കറ്റുകളാക്കാൻ നടപടികൾ എടുത്തിട്ടുണ്ട്.

Beena

സെക്ഷൻ ഓഫീസർ

8